**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 2263 | 17.06.2014-ൽ മറുപടിയ്ക്ക്

## ഗോത്രജ്യോതി പദ്ധതി

**ചോദ്യം**
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.എ.റ്റി.ജോർജ്ജ്
ശ്രീ.റ്റി.എൻ.പ്രതാപൻ

**മറുപടി**
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ഗോത്രജ്യോതി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | ബി) | കേരളത്തിലെ 14 ജില്ലകളിലെയും പട്ടികവർഗ്ഗത്തിൽപ്പെട്ട 15 നും 30 നും ഇടയിൽ പ്രായമുള്ളതും എസ്.എസ്.എൽ.സി പാസ്സായവരുമായ 1000 തൊഴിൽരഹിതർക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ നൽകി ഉദ്ബുദ്ധരാക്കി അവർക്ക് അഭിരുചിയുള്ള മേഖലകളിലെ മെച്ചപ്പെട്ട തൊഴിലുകളിൽ ഏർപ്പെടുന്നതിന് പ്രാപ്തരാക്കുന്നതിനാവശ്യമായ പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എന്നാൽ 3500 പേർ വിവിധ കേന്ദ്രങ്ങളിലെ ശില്പശാലകളിൽ പങ്കെടുത്തു. |
| സി) | പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | സി) | ചെന്നൈ ശ്രീപെരുമ്പുദൂരിൽ പ്രവർത്തിക്കുന്ന രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത് ഡവലപ്മെന്റ്, കേരളത്തിലെ |

| | | | |
|---|---|---|---|
| | | | നാഷണൽ സർവ്വീസ് സ്കീം എന്നീ ഏജൻസികൾ പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിച്ചാണ് 2013-14 വർഷം ഗോത്രജ്യോതി പദ്ധതി നടപ്പാക്കിയിരിക്കുന്നത്. |
| ഡി) | പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിൽ നൈപുണ്യത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി യിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | ഡി) | പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് വിവിധ തൊഴിലവസരങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, വിവിധ മേഖലകളിലെ വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ നേടുന്നതിനാവശ്യമായ സ്കിൽ ഡവലപ്മെന്റ് നടത്തി തൊഴിൽ ശേഷി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തി അതിനു സജ്ജരാക്കുക തുടങ്ങിയ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്.<br>ശില്പശാലകളിൽ പങ്കെടുത്ത യുവതീ യുവാക്കളുടെ യോഗ്യത, അഭിരുചി, സാമർത്ഥ്യം തുടങ്ങിയവ ശേഖരിച്ച് ഡേറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ട്.<br>വിവിധ തൊഴിൽ മേഖലകളിൽ ഈ യുവതീ യുവാക്കൾക്ക് സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ്, പി.എസ്.സി കോച്ചിംഗ്, ഹോട്ടൽ മാനേജ്മെന്റ് ആന്റ് കേറ്ററിംഗ് ടെക്നോളജി തുടങ്ങിയ തൊഴിൽ മേഖലകളിൽ പരിശീലനവും നൽകുന്നതിനു നടപടി സ്വീകരിച്ചു. തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കേറ്ററിംഗ് ടെക്നോളജിയിൽ 65 |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് രണ്ട് വർഷത്തെ പരിശീലനം നൽകി. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന 400 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന അപ്പാരൽ ട്രെയിനിംഗ് സെന്ററിൽ ഗാർമെന്റ് മേക്കിംഗ് ഫാഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട പ്രൊഡക്ഷൻ സൂപ്പർവൈസർ ആന്റ് ക്വാളിറ്റി കൺട്രോൾ, ഗാർമെന്റ് കൺസ്ട്രക്ഷൻ, കൺട്രോൾ ബേസിക് അഡ്വാൻസ് സ്മാർട്ട് മെഷിൻ ടെക് എന്നീ കോഴ്സുകൾക്കു 140 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകുന്നു. 500 പട്ടിക വർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം നൽകി സൗജന്യമായി ഓട്ടോറിക്ഷ വാങ്ങി നൽകി. 2013-14 വർഷം 311 ലക്ഷം രൂപ ചിലവിൽ 591 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പ്രോജക്ടുകൾ ആരംഭിക്കുന്നതിനു ധനസഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ